2026

PROSPECTUS

# RAHMANI COURSE

AN INTEGRATED PG COURSE IN
ISLAMIC STUDIES & HUMANITIES



# കോഴ്സ് പരിചയം

തെന്നിന്ത്യയിലെ മത ഭൗതിക സമന്വയ വിദ്യാഭ്യാസ രംഗത്തെ സുന്ദര സാന്നിധ്യമാണ് കടമേരി ജാമിഅഃ റഹ്മാനിയ്യഃ ഇസ്‌ലാമിയ്യഃ. വടക്കേ മലബാറിലെ വടകര താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം സൂഫീവര്യനായിരുന്ന ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്‌ലിയാരുടെ (ന.മ) നേതൃത്വത്തിലാണ് 1972 ൽ പിറവി കൊണ്ടത്. കാലത്തിന്റെ ചുവരെഴുത്തുകളോട് പ്രതികരിക്കാനുതകുന്ന പണ്ഡിതന്മാരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് റഹ്മാനിയ്യക്ക് അടിത്തറ പാകിയത്. എം.എം ബശീർ മുസ്‌ലിയാർ, കോട്ടുമല ടി.എം ബാപ്പു മുസ്‌ലിയാർ തുടങ്ങിയ മഹത്തുക്കളുടെ സേവനം റഹ്മാനിയ്യയെ ഉന്നതിയിലേക്ക് വഴി നടത്തി. അല്ലാഹു അവർക്ക് പ്രതിഫലം നൽകട്ടെ, ആമീൻ.

കേരളത്തിലെ ആധികാരിക പണ്ഡിത സഭയായ സമസ്തയുടെ ആശയാദർശങ്ങളാണ് റഹ്മാനിയ്യയും അഫിലിയേറ്റഡ് സ്ഥാപനങ്ങളും പിന്തുടരുന്നത്. മർഹൂം കണ്ണിയ്യത്ത് അഹ്മദ് മുസ്‌ലിയാർ (ന.മ) ഫത്ഹുൽ മുഈനിന്റെ ആദ്യ വരികൾ ഓതിക്കൊടുത്താണ് കോഴ്സിന് തുടക്കം കുറിച്ചത്.

അഞ്ച് പതിറ്റാണ്ടുകൾക്ക് മുമ്പ് സമന്വയ വിദ്യാഭ്യാസം രൂപപ്പെട്ട തറവാട്ടുമുറ്റമാണ് കടമേരി റഹ്മാനിയ്യ. പൗരാണിക ദർസീ കതാബുകൾക്കൊപ്പം ഭൗതിക പാഠങ്ങളും ഒരുമിപ്പിച്ചിട്ടുള്ള കരിക്കുലമാണ് റഹ്മാനി കോഴ്സ്.

ഐച്ഛിക പഠനത്തിന് അവസരമുള്ള മുതവ്വൽ ബിരുദത്തിന് പുറമെ പ്ലസ്ടു, ഡിഗ്രി, പി.ജി എന്നിവ ഉൾക്കൊള്ളുന്ന റഹ്മാനി കോഴ്സ് നാലു ഘട്ടങ്ങളായി നടക്കുന്നു. എല്ലാ ഘട്ടങ്ങളിലും വിദ്യാർത്ഥികൾ വിവിധ ഭാഷകളിൽ ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കുകയും അടുത്ത ഘട്ടത്തിലേക്ക് യോഗ്യത നേടുകയും ചെയ്യുന്നു.

മദ്രസ ആറാം ക്ലാസും സ്കൂൾ ഏഴാം ക്ലാസും പാസ്സായ വദ്യാർത്ഥികൾക്ക് സെക്കണ്ടറി വിഭാഗത്തിലേക്കും എസ്.എസ്.എൽ.സി തുടർ പഠന യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് റഹ്മാനി ഹയർ സെക്കണ്ടറി വിഭാഗത്തിലേക്കും (കൊമേഴ്സ്, ഹ്യൂമാനിറ്റീസ്) അഡ്മിഷൻ നൽകി വരുന്നു. എസ്.എസ്.എൽ.സി കഴിഞ്ഞ ഹാഫിളീങ്ങൾക്ക് പ്രത്യേക സ്ഥാപന സൗകര്യത്തോടു കൂടെ ശാസ്ത്രീയമായ ദൗറ സംവിധാനത്തിൽ റഹ്മാനി കോഴ്സ് നൽകപ്പെടുന്നു.



# റഹ്മാനിയ്യഃ കടമേരി

- **സെക്കണ്ടറി** (ഏഴാം ക്ലാസിനു ശേഷം)
- **ഹയർ സെക്കണ്ടറി** (ഹ്യൂമാനിറ്റീസ്)

റഹ്മാനിയ്യ കാമ്പസിലെ മാതൃ സ്ഥാപനമാണ് ജാമിഅഃ റഹ്മാനിയ്യഃ ഇസ്‌ലാമിയ്യഃ. 1972ൽ കടമേരി ജുമാ മസ്ജിദിൽ വെച്ച് പൗരാണിക ദർസീ കിതാബുകളും ആധുനിക വിജ്ഞാന ങ്ങളും ഉൾപ്പെടുത്തിയ സിലബസ് അനുസരിച്ച് പ്രവർത്തനം തുടങ്ങി. അക്കാദമിക് തലത്തിലെ അതിനൂതന സംവിധാനങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യയും ഉൾക്കൊള്ളുന്ന സിലബസാണ് നിലവിലുള്ളത്. കേരളത്തിലും ഇതര സ്റ്റേറ്റുകളിലുമുള്ള മുന്നൂറിൽ പരം വിദ്യാർത്ഥികളാണ് ഈ സ്ഥാപനത്തിൽ പഠി ക്കുന്നത്.

ഖുർആൻ, ഹദീസ്, കർമ്മ ശാസ്ത്രം, അറബി സാഹിത്യം തുടങ്ങിയവയിൽ ഉന്നത ശീർഷരായ പണ്ഡിതർ രചിച്ച ആധികാരിക ഗ്രന്ഥങ്ങളുൾക്കൊള്ളുന്ന ലൈബ്രറി സൗകര്യം ലഭ്യമാണ്. അറബി, ഉർദു, ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി ശാസ്ത്രം, സാഹിത്യം, ചരിത്രം, ആത്മ സംസ്കരണം, യാത്രാ വിവരണം, ആദർശം, നിരൂപണം, വിമർശന പഠനം, കഥ, കവിത, വ്യാഖ്യാനം തുടങ്ങിയ വൈവിധ്യ മേഖലകളിൽ ഉത്തരാധുനിക ചിന്തകരും ലോക പ്രശസ്ത സാഹിത്യ പ്രതിഭകളും സമർപ്പിച്ച വിഖ്യാത കൃതികൾ ലൈബ്രറിയെ ധന്യമാക്കുന്നു. ലൈബ്രറി കം റിസർച്ച് സെന്ററിൽ ഡിജിറ്റൽ റഫറൻസ് സൗകര്യവും ലഭ്യമാണ്.

വിദ്യാർത്ഥികളുടെ നാനോന്മുഖ പോരോഗതിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഈ സ്ഥാപനം രാജ്യാന്തര തലത്തിൽ ശ്രദ്ധ നേടിയിട്ടുണ്ട്. വിവിധ ജില്ലകളിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

## അഫിലിയേറ്റഡ് സ്ഥാപനങ്ങൾ

### ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി, ആയഞ്ചേരി

**(ഹ്യൂമാനിറ്റീസ്)**

2009 ൽ കോഴിക്കോട് ജില്ലയിലെ ആയഞ്ചേരിയിൽ പാണക്കാട് സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ ശിലാസ്ഥാപനം നടത്തി 2013 ൽ സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ തുടക്കംകുറിച്ച ഹിഫ്ള് കോളേജിൽ സ്കൂൾ വിദ്യാഭ്യാസവും നൽകപ്പെടുന്നു. എസ്.എസ്.എൽ.സി നേടിയ ഹാഫിളുകൾക്ക് ദൗറയോടു കൂടി ഉപരി പഠനം നടത്താൻ 2018 ൽ ശരീഅത്ത് കോളേജിന് തുടക്കം കുറിച്ചു.

### സൈനുൽ ഉലമ ഇസ്‌ലാമിക് അക്കാദമി, കൊണ്ടോട്ടി

**(ഹ്യൂമാനിറ്റീസ്/ കൊമേഴ്സ്)**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഖാസിയാരകത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം സമസ്ത ജനറൽ സെക്രട്ടറിയായിരുന്ന മർഹൂം ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാരുടെ സ്മരണക്കായി സ്ഥാപിതമായതാണ്. സ്ഥാപനം 2018 മുതൽ പ്രവർത്തിച്ചുവരുന്നു.

### അത്തിപ്പറ്റ ഉസ്താദ് മെമ്മോറിയൽ റഹ്മാനി കോളേജ്, ആവിലോറ

**(ഹ്യൂമാനിറ്റീസ്/ കൊമേഴ്സ്)**

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ആവിലോറയിൽ മർഹൂം അത്തിപ്പറ്റ ഉസ്താദിന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് അത്തിപ്പറ്റ ഉസ്താദ് മെമ്മോറിയൽ അറബിക് കോളേജ്. സ്ഥാപനം 2022 മുതൽ പ്രവർത്തിച്ചുവരുന്നു.

## സെക്കണ്ടറി സിലബസ് ഘടന

### സാനവിയ്യഃ

8, 9, 10 ക്ലാസുകൾ പൂർത്തിയാക്കുന്നതോടൊപ്പം അറബി, ഉർദു, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാഥമികാടിത്തറ ശരിയാക്കുകയും പാരാണിക ദർസീ സിലബസിലെ പ്രാരംഭ കിതാബുകൾ പൂർത്തിയാക്കി രണ്ടാംഘട്ട കിതാബുകൾ തുടങ്ങുകയും ചെയ്യുന്നു.

**3 വർഷം**

### ആലിയ സാനവിയ്യഃ

പ്ലസ്ടു (ഹ്യൂമാനിറ്റീസ്) പൂർത്തിയാക്കുന്നതോടൊപ്പം ഹദീസ്, ഫിഖ്ഹ്, അറബി സാഹിത്യം, തർക്കശാസ്ത്രം, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ വിഷയങ്ങളിലും വിവിധ ഭാഷകളിലും പ്രാവീണ്യം നേടുകയും ചെയ്യുന്നു.

**2 വർഷം**

### ബകാലൂരിയ്യഃ

തഫ്സീർ, ഹദീസ്, ഫിഖ്ഹ്, അറബി സാഹിത്യം, തർക്കശാസ്ത്രം, തസവ്വുഫ്, ചരിത്രം, അറബി സാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ ഉന്നത പഠനം നേടുന്നതോടൊപ്പം യു.ജി.സി അംഗീകൃത ഡിഗ്രി കരസ്ഥമാക്കുകയും ചെയ്യുന്നു.

**4 വർഷം**

### മുതവ്വൽ

ഫിഖ്ഹ്, തഫ്സീർ, ഹദീസ്, അറബി സാഹിത്യം, ചരിത്രം ഇവയിൽ ഏതെങ്കിലും ഒരു വിഷയത്തിലൂന്നിയ ഗവേഷണ പഠനത്തിലൂടെയും ഫിഖ്ഹ്, ഹദീസ് എന്നിവയിലെ ഗഹനമായ പഠനത്തിലൂടെയും റഹ്മാനി ബിരുദത്തിന് അർഹരാക്കുന്നു. കൂടെ പി.ജി കരസ്ഥമാക്കുകയും ചെയ്യുന്നു.

**ഒരു വർഷം**

## ഹയർ സെക്കണ്ടറി സിലബസ് ഘടന

### ആലിയഃ

പ്ലസ്ടു (കൊമേഴ്സ്/ഹ്യൂമാനിറ്റീസ്) പൂർത്തിയാക്കുന്നതോടൊപ്പം അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ പ്രാഥമികാടിത്തറ ശരിയാക്കുകയും പൗരാണിക ദർസീ സിലബസിലെ പ്രാരംഭ കിതാബുകൾ പൂർത്തിയാക്കി രണ്ടാംഘട്ട കിതാബുകൾ തുടങ്ങുകയും ചെയ്യുന്നു.

**2 വർഷം**

### ആലിമിയ്യഃ

തഫ്സീർ, ഹദീസ്, ഫിഖ്ഹ്, അറബി സാഹിത്യം, തർക്ക ശാസ്ത്രം, ബലാഗഃ തുടങ്ങിയ വിഷയങ്ങളിലും അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിലും പ്രാവീണ്യം നേടുന്നതോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനം, യു. ജി. സി അംഗീകൃത ഡിഗ്രി, അറബിക് ഡിപ്ലോമ എന്നിവ കരസ്ഥമാക്കുകയും ചെയ്യുന്നു.

**4 വർഷം**

### ഫാളിലിയ്യഃ (മുതവ്വൽ)

ഇസ്‌ലാമിക കർമ ശാസ്ത്രം, ഹദീസ്, തഫ്സീർ, തർക്കശാസ്ത്രം, തസവ്വുഫ്, ചരിത്രം, അറബി സാഹിത്യം തുടങ്ങിയവയിൽ ഉന്നത പഠനവും യു.ജി.സി അംഗീകാരമുള്ള ബിരുദവും (പി.ജി) നൽകുന്നു. അതിനു പുറമെ ഫിഖ്ഹ്, തഫ്സീർ, ഹദീസ്, അഖീദഃ ഇവയിൽ ഏതെങ്കിലും ഒരു വിഷയത്തിലൂന്നിയ ഗവേഷണ പഠനത്തിലൂടെ റഹ്മാനി ബിരുദത്തിന് അർഹരാക്കുന്നു.

**2 വർഷം**

# വിദ്യാർത്ഥി സംഘടന

സാമൂഹിക ചുറ്റുപാടനുസരിച്ച് ബൗദ്ധികമായും ശാസ്ത്രീയമായും സംവേദനം നടത്താൻ പ്രബുദ്ധരും പ്രാപ്തരുമായ പ്രബോധകരെ രൂപപ്പെടുത്തുകയെന്ന ദൗത്യമാണ് റഹ്മാനി കോഴ്സ് വിദ്യാർത്ഥി സംഘടനകൾ നിർവ്വഹിക്കുന്നത്. ബഹ്ജത്തുൽ ഉലമയാണ് വിദ്യാർത്ഥി സംഘനടകൾക്ക് കരുത്ത് പകരുന്നത്. വാരാന്ത യോഗങ്ങൾ സംഘടിപ്പിച്ച് പ്രസംഗ-പ്രബന്ധ-വിവർത്തന-ഭാഷാ പരിപോഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കാലിക പ്രസക്തമായ വിഷയാധിഷ്ഠിതമായി ചർച്ചകളും സെമിനാറുകളും നടത്തിക്കൊണ്ടിരിക്കുന്നു. കലാസാഹിത്യ പരിപോഷണം നൽകുന്നതോടൊപ്പം വിദ്യാർത്ഥികളിൽ ആദർശ-അന്വേഷണ-പഠന ബോധം വളർത്തിയെടുക്കുകയും ചെയ്യുന്നു.

# സവിശേഷതകൾ

- മത-ഭൗതിക രംഗത്ത് ബിരുദാനന്തര ബിരുദം
- പാരമ്പര്യ ദർസീ കിതാബുകൾക്ക് പ്രാമുഖ്യം
- ആത്മീയാധിഷ്ഠിത പാഠ്യേതര പ്രവർത്തനങ്ങൾ
- ഹാഫിളുകൾക്ക് ദൗറ സൗകര്യത്തോടെ ബ്രാഞ്ച്
- ഗവേഷണങ്ങൾക്ക് ഇ-റിസോഴ്സ് ഫെസിലിറ്റി
- കലാ സാഹിത്യ മേഖലകളിൽ പ്രത്യേക പരിശീലനം.
- സർട്ടിഫൈഡ് കമ്പ്യൂട്ടർ കോഴ്സുകൾ
- പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം
- അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ കോച്ചിംഗ്
- കേന്ദ്ര ഗവമെന്റിന്റെ ഫണ്ടിങ്ങോടെ അറബിക് ഡിപ്ലോമ.
- സ്മാർട്ട് ക്ലാസ് റൂമുകൾ.

## അഡ്മിഷൻ

അർഹരായ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ യോഗ്യത തെളിയിക്കുന്നവർക്ക് കോഴ്സിലേക്ക് അഡ്മിഷൻ ലഭിക്കും.


## യോഗ്യത

### സെക്കണ്ടറി (സ്കൂൾ ഏഴാം ക്ലാസിനു ശേഷം)

- സ്കൂൾ ഏഴാം ക്ലാസ് പൂർത്തിയാക്കുക.
- സമസ്ത മദ്റസ ആറാം തരം/തത്തുല്ല്യം പാസ്സാവുക
- 01/06/2012 ന് ശേഷം ജനിച്ചവരാവുക

### ഹയർ സെക്കണ്ടറി (SSLC ക്ക് ശേഷം)

- എസ്.എസ്.എൽ.സി/തത്തുല്ല്യം തുടർപഠന യോഗ്യത നേടുക
- സമസ്ത മദ്റസ ഏഴാം തരം/തത്തുല്ല്യം പാസ്സാവുക
- 01/06/2009 ന് ശേഷം ജനിച്ചവരാവുക




# ഓൺലൈൻ അപേക്ഷിക്കേണ്ട വിധം

- അപേക്ഷ നൽകുന്നതിന് മുമ്പായി ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും വായിക്കുക.
- സ്കൂൾ ഏഴാം ക്ലാസ് പൂർത്തിയായ ആൺകുട്ടികൾക്ക് സെക്കണ്ടറിയിലേക്കും എസ്.എസ്.എൽ.സി കഴിഞ്ഞ ആൺകുട്ടികൾക്ക് ഹയർസെക്കണ്ടറിയിലേക്കുമാണ് പ്രവേശനം.
- ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ മാത്രം അപേക്ഷ പൂരിപ്പിക്കുക.
- വിദ്യാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (MAX: 100 KB) സോഫ്റ്റ് കോപ്പി കരുതുക.
- അപേക്ഷാ ഫീസ് 500 രൂപ.

[ വിദ്യാർത്ഥിയുടെ പേര്, വീട്ടുപേര്, പിതാവിന്റെ പേര്, പിതാവിന്റെ ജോലി, ജനന തിയ്യതി, അഡ്രസ്സ്, രക്ഷിതാവിന്റെ പേര്, രക്ഷിതാവുമായുള്ള ബന്ധം, രക്ഷിതാവിന്റെ അഡ്രസ്സ്, വിദ്യാർത്ഥിയുടെ ആധാർ നമ്പർ, മൊബൈൽ നമ്പർ, വാട്സാപ്പ് നമ്പർ, പഠിച്ച സ്കൂളിന്റെ പേര്, പഠിച്ച മദ്റസയുടെ പേര്, അവസാനമായി പഠിച്ച ക്ലാസ് എന്നിവ അറിഞ്ഞിരിക്കേണ്ടതാണ്. ]

## ഹയർ സെക്കണ്ടറി (SSLC ക്ക് ശേഷം)

- എസ്.എസ്.എൽ.സി രജിസ്റ്റർ നമ്പർ, പൂർത്തിയാക്കിയ വർഷം എന്നിവ അറിഞ്ഞിരിക്കുക.
- നിങ്ങൾ ഹാഫിള് (ഖുർആൻ പൂർണമായും മനപ്പാഠമാക്കിയ) ആണെങ്കിൽ ദൗറസൗകര്യത്തോടെ റഹ്മാനി കോഴ്സ് പൂർത്തിയാക്കാൻ ARE YOU HAFIZ ? എന്നകോളത്തിൽ YES നൽകി നിങ്ങൾ ഹിഫ്ള് പഠിച്ച സ്ഥാപനത്തിന്റെ പേര് നൽകുക.
- ചേരാൻ ഉദ്ദേശിക്കുന്ന കോഴ്സ് : റഹ്മാനി കോഴ്സിന്റെ ഏത് വിഭാഗത്തിലേക്കാണ് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് സെലക്ട് ചെയ്യുക.
- പ്രവേശന പരീക്ഷ എഴുതാനുള്ള സെന്റർ : പ്രവേശന പരീക്ഷക്ക് എത്തിപ്പെടാൻ സൗകര്യപ്പെടുന്ന സെന്റർ തെരെഞ്ഞെടുക്കുക. (പ്രവേശനം ഉദ്ദേശിക്കുന്ന സ്ഥാപനം ആകേണ്ടതില്ല)
- പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന സ്ഥാപനം മുൻഗണനാ ക്രമത്തിൽ : പ്രവേശന പരീക്ഷയിൽ **(RET)** പാസാവുന്ന വിദ്യാർത്ഥിക്ക് റഹ്മാനി കോഴ്സുള്ള ഏത് സ്ഥാപനത്തിൽ ചേരണമെന്നതാണ് ഇവിടെ നൽകേണ്ടത്. (നിങ്ങൾ നൽകുന്ന മുൻഗണനാ ക്രമത്തിനനുസരിച്ചായിരിക്കും അഡ്മിഷൻ നൽകപ്പെടുക.)
- എല്ലാ കോളവും കൃത്യമായി പൂരിപ്പിച്ച് സമ്മതപത്രം ടിക്ക് ചെയ്ത് സബ്മിറ്റ് ബട്ടൻ അമർത്തുക.

## സെക്കണ്ടറി (സ്കൂൾ ഏഴാം ക്ലാസിനു ശേഷം)

- എല്ലാ കോളവും കൃത്യമായി പൂരിപ്പിച്ച് സബ്മിറ്റ് ബട്ടൻ അമർത്തുക.

Apply Now www.rahmaniyya.com

# RET (Rahmani Entrance Test)

## സെക്കണ്ടറി (സ്കൂൾ ഏഴാം ക്ലാസിനു ശേഷം)

### Areas of Questions

- സ്കൂൾ ഏഴാം ക്ലാസ് വിഷയങ്ങൾ
- സമസ്ത മദ്റസ അഞ്ചാംതരം / തത്തുല്യം വിഷയങ്ങൾ
- പൊതു വിജ്ഞാനം, ആനുകാലിക വിഷയങ്ങൾ
- ഐ.ക്യു (റീസണിംഗ് തുടങ്ങിയവ)
- സമസ്ത, പോഷക സംഘടനകളുമായി ബന്ധപ്പെട്ട വിവരങ്ങൾ

### Instructions

- 2026 ഏപ്രിൽ 12 (ഞായറാഴ്ച) രാവിലെ 10 ന് പ്രവേശന പരീക്ഷക്കായി റഹ്മാനിയ്യഃ കാമ്പസിൽ എത്തിച്ചേരേണ്ടതാണ്.
- പരീക്ഷാ സമയത്ത് പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ്, ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ രേഖ, പേന എന്നിവ വിദ്യാർത്ഥിയുടെ കയ്യിൽ ഉണ്ടായിരിക്കേണ്ടതാണ്.
- എഴുത്ത് പരീക്ഷ, അഭിമുഖ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

### Exam Centre

1. റഹ്മാനിയ്യ കാമ്പസ്, കടമേരി (കോഴിക്കോട്) 8590315915

## ഹയർ സെക്കണ്ടറി (SSLC ക്ക് ശേഷം)

### Areas of Questions

- എസ്.എസ്.എൽ.സി വിഷയങ്ങൾ
- സമസ്ത മദ്റസ ഏഴാംതരം / തത്തുല്യം വിഷയങ്ങൾ
- പൊതു വിജ്ഞാനം, ആനുകാലിക വിഷയങ്ങൾ
- ഐ.ക്യു (റീസണിംഗ് തുടങ്ങിയവ)
- സമസ്ത, പോഷക സംഘടനകളുമായി ബന്ധപ്പെട്ട വിവരങ്ങൾ

### Instructions

- 2026 മെയ് 03 (ഞായറാഴ്ച) രാവിലെ 10 ന് പ്രവേശന പരീക്ഷക്കായി നിങ്ങൾ നൽകിയ പരീക്ഷാ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.
- പരീക്ഷാ സമയത്ത് പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ്, ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ രേഖ, എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, സ്മാർട്ട് ഫോൺ, പേന എന്നിവ വിദ്യാർത്ഥിയുടെ കയ്യിൽ ഉണ്ടായിരിക്കേണ്ടതാണ്.
- ഓൺലൈൻ, ഓഫ്ലൈൻ, അഭിമുഖ പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്.

### Exam Centres

1. റഹ്മാനിയ്യ കാമ്പസ്, കടമേരി (കോഴിക്കോട്) 8590315915
2. ദൈനുൽ ഉലമാ ഇസ്‌ലാമിക് അക്കാദമി, കൊണ്ടോട്ടി (മലപ്പുറം) 9633609297
3. അത്തിപ്പറ്റ ഉസ്താദ് മെമ്മോറിയൽ റഹ്മാനി കോളേജ്, ആവിലോറ - കൊടുവള്ളി (കോഴിക്കോട്) 9539729435

For admission related queries

9778 208 946 | 8606 792 285

SINCE 1972

CO-ORDINATION OF RAHMANI COURSE


**JAMIA RAHMANIYYA ISLAMIYYA**

الجامعة الرحمانية الإسلامية

RAHMANIYYA CAMPUS, KATAMERI (PO.), VILLIAPALLY (VIA),

VATAKARA, KOZHIKKODE (DT.), KERALA, INDIA - 673 542, PH: 0496 2550250

+91 9072 86 3883 deskrahmani@gmail.com www.rahmaniyya.com